# എസ്.എസ്.എൽ.സി - എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച്.എസ്.എൽ.സി - റ്റി.എച്ച്.എസ്.എൽ.സി (സ്പെഷ്യൽ സ്കൂൾ), എ.എച്ച്.എസ്.എൽ.സി പരീക്ഷകൾ - മാർച്ച് 2011 പരീക്ഷാഫലം

## റിപ്പോർട്ട്

2010-11 അദ്ധ്യയന വർഷത്തിലെ എസ്.എസ്.എൽ.സി, എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച്.എസ്.എൽ.സി, റ്റി.എച്ച്.എസ്.എൽ.സി (സ്പെഷ്യൽ സ്കൂൾ), എ.എച്ച്.എസ്.എൽ.സി പരീക്ഷകൾ മാർച്ച് 14 മുതൽ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടന്നു.

2004 - 2005 അധ്യയന വർഷം മുതൽ നിലവിൽ വന്ന ഗ്രേഡിംഗ് സമ്പ്രദായമനുസരിച്ചുള്ള ന്യൂ സ്കീമിലാണ് ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷ നടത്തിയത്. 11/10/06 - ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)/257/06/പൊ.വി.വ. അനുസരിച്ച് എസ്.എസ്.എൽ.സി പരീക്ഷയുടെ ഗ്രേഡ് മാത്രമാണ് രേഖപ്പെടുത്തുന്നത്. ഇത്തരത്തിൽ 9 പോയിന്റ് സ്കെയിൽ ഉപയോഗിച്ച് ഗ്രേഡിംഗ് നടത്തിയ പരീക്ഷാ ഫലമാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്.

എസ്.എസ്.എൽ.സി കൂടാതെ സെക്കന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് (എച്ച്.ഐ) (25 സ്കൂളുകൾ), ആർട്ട് ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് (1 സ്കൂൾ), ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് (48 സ്കൂളുകൾ), ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ് (സ്പെഷ്യൽ സ്കൂൾ) (2 സ്കൂളുകൾ), എന്നീ വിഭാഗങ്ങളിലെയും പരീക്ഷാ ഫലങ്ങൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഈ വർഷം എസ്.സ്.എൽ.സി പരീക്ഷയുടെ വിജ്ഞാപനം 04.09.2010 ന് പ്രസിദ്ധീകരിച്ചു. 2011 മാർച്ച് 14 തിങ്കളാഴ്ച മുതൽ 26 ശനിയാഴ്ച വരെയാണ് പരീക്ഷകൾ ക്രമീകരിച്ചിരുന്നത്. 2732 സെന്ററുകളിലായി (കേരളത്തിൽ 2712 ഗൾഫ് മേഖലയിൽ 11 ലക്ഷദ്വീപിൽ 9) 458559 കുട്ടികൾ റഗുലർ ആയും 4771 കുട്ടികൾ പ്രൈവറ്റായും പരീക്ഷ എഴുതി. റഗുലർ വിഭാഗത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ 8559 കുട്ടികൾ കൂടുതലുണ്ട്.

തുടർമൂല്യനിർണ്ണയത്തിന്റെ സ്കോറുകൾ എല്ലാ സ്കൂളുകളിലും 17/01/2011 ന് പ്രസിദ്ധീകരിക്കുകയും 28.02.2011 ന് ഇവ പരീക്ഷാഭവനിൽ ലഭിക്കുകയും ചെയ്തു.

ഐ.റ്റി പ്രാക്ടിക്കൽ പരീക്ഷ എല്ലാ കേന്ദ്രങ്ങളിലും ഫെബ്രുവരി 23 മുതൽ ആരംഭിച്ചു. ഇതിനായുള്ള സാങ്കേതിക സഹായങ്ങൾ IT@School നൽകി. ഈ പരീക്ഷയുടെ സ്കോറുകൾ 15.03.2011 ന് പരീക്ഷാഭവനിൽ ലഭിച്ചു.

ഈ വർഷം സംസ്ഥാന സ്കൂൾ കലോത്സവം, അറബി സാഹിത്യോത്സവം, സംസ്കൃതോത്സവം, പ്രവൃത്തി പരിചയമേള, ശാസ്ത്ര-ഗണിത ശാസ്ത്രമേള, ദേശീയ-സംസ്ഥാന കായികമേളകൾ, സ്ക്കൗട്ട് ആന്റ് ഗൈഡ് (രാജ്യപുരസ്കാർ ബാഡ്ജ്, രാഷ്ട്രപതി ബാഡ്ജ്), റെഡ്ക്രോസ്, എൻ.സി.സി. എന്നീ വിഭാഗങ്ങളിൽ അർഹരായവർക്ക് ഗ്രേയ്സ് മാർക്ക് നൽകിയിട്ടുണ്ട്. ഇത് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ പ്രത്യേകമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം 14793 വിദ്യാർത്ഥികൾക്ക് ഗ്രേയ്സ് മാർക്ക് നൽകിയിട്ടുണ്ട്.

വിവിധ പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്കുള്ള ചോദ്യപേപ്പറുകൾ ഫെബ്രുവരി അവസാനം തന്നെ വിദ്യാഭ്യാസ ജില്ലകളിൽ എത്തിച്ചു. ഓരോ സെന്ററിലേയും ചീഫ്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർ മാർച്ച് ആദ്യവാരം ഇവ പരിശോധിച്ച് എണ്ണം ഉറപ്പാക്കി.

കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും ചോദ്യപേപ്പറുകൾ വിവിധ ട്രഷറികളിലും ബാങ്കുകളിലുമാണ് സൂക്ഷിച്ചത്. ഇതിനായി സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഗവൺമെന്റ് ട്രഷറികളും നൽകിയ സേവനം നിസ്സീമമാണ്. സംസ്ഥാനത്തെ ആകെ പരീക്ഷാ കേന്ദ്രങ്ങളെ 491 ക്ലസ്റ്ററുകളായി തിരിച്ച് ഓരോ ക്ലസ്റ്ററിലും ഉൾപ്പെടുന്ന പരീക്ഷാ കേന്ദ്രങ്ങളിലെ ചോദ്യപേപ്പറുകൾ ഒരുമിച്ച് താഴെപ്പറയുന്ന രീതിയിൽ ബാങ്കുകളിലും ട്രഷറികളിലുമായി സൂക്ഷിക്കുകയായിരുന്നു.

| ക്രമ നമ്പർ | ചോദ്യപേപ്പറുകൾ സൂക്ഷിച്ച ബാങ്കുകൾ/ട്രഷറികൾ | ചോദ്യപേപ്പറുകൾ സൂക്ഷിച്ച ബാങ്ക്/ട്രഷറികളുടെ എണ്ണം |
|---|---|---|
| 1 | എസ്.ബി.റ്റി | 142 |
| 2 | എസ്.ബി.ഐ | 14 |
| 3 | കാനറാ ബാങ്ക് | 6 |
| 4 | കോർപ്പറേഷൻ ബാങ്ക് | 1 |
| 5 | സിൻഡിക്കേറ്റ് ബാങ്ക് | 6 |
| 6 | യൂണിയൻ ബാങ്ക് | 6 |
| 7 | ട്രഷറികൾ | 316 |

പരീക്ഷാ ദിവസങ്ങളിൽ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേതൃത്വത്തിൽ ക്ളസ്റ്ററടിസ്ഥാനത്തിൽ രൂപീകരിച്ച പ്രത്യേക ടീം ചോദ്യപേപ്പർ സ്കൂളുകളിൽ എത്തിക്കുകയും ചെയ്തു.

ചോദ്യപേപ്പറുകൾ സംസ്ഥാന അതിർത്തിയിൽ നിന്നും വിദ്യാഭ്യാസ ജില്ലാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും തുടർന്ന് പരീക്ഷാ ദിവസങ്ങളിൽ അതാത് കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും

പോലീസ് അധികാരികൾ നൽകിയ സഹായം ശ്രദ്ധേയമാണ്. മാത്രമല്ല മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ ഉത്തരക്കടലാസുകളുടെ സുരക്ഷിതത്വവും പോലീസ് ഉറപ്പാക്കിയിരുന്നു.

പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഉത്തരക്കടലാസ്സുകൾ വളരെ വൈകിയും സ്വീകരിച്ച് മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് അയയ്ക്കുന്നതിനും മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും സ്കോർ ഷീറ്റുകൾ പരീക്ഷാഭവനിൽ എത്തിക്കുന്നതിനും തപാൽ വകുപ്പ് പ്രകടിപ്പിച്ച സമർപ്പണ മനോഭാവം എടുത്തു പറയേണ്ടതാണ്.

മാർച്ച് 27 ന് വിവിധ വിഷയങ്ങളിലെ വിദഗ്ധരുടെ യോഗം ചേർന്ന് ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയത്തിനുള്ള പൊതുമാർഗ രേഖ രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 28, 29, 30 തീയതികളിൽ 11 കേന്ദ്രങ്ങളിലായി സ്കീം ഫൈനലൈസേഷൻ നടന്നു. തുടർന്ന് ഏപ്രിൽ 1മുതൽ 20 വരെ സംസ്ഥാനത്ത് 4 മേഖലകളിലായി 54 കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു. 108 ക്യാമ്പ്, ഡെപ്യൂട്ടി ക്യാമ്പ് ആഫീസർമാരുടെ നേതൃത്വത്തിൽ 1181 അഡീഷണൽ ചീഫ് എക്സാമിനർമാരും 12225 അസിസ്റ്റന്റ് എക്സാമിനർമാരും മൂല്യനിർണ്ണയ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 2009, 2010 വർഷങ്ങളിൽ മൂല്യനിർണ്ണയത്തിന് അവസരം ലഭിക്കാത്ത എക്സാമിനർമാർക്ക് ഈ വർഷം മുൻഗണന നൽകിയിരുന്നു.

മൂല്യനിർണ്ണയകേന്ദ്രമായി തെരഞ്ഞെടുത്തിരുന്ന പല സ്കൂളുകളും ഇലക്ഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു. എങ്കിലും മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് സാഹചര്യമൊരുക്കിത്തന്ന ചീഫ് ഇലക്ടറൽ ആഫീസറുടെ സഹകരണം എടുത്തു പറയേണ്ടതാണ്.

അതുപോലെതന്നെ മൂല്യനിർണ്ണയപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്ന തിനായി മൂല്യനിർണ്ണയ കേന്ദ്രങ്ങളെ എൻട്രൻസ് പരീക്ഷാകേന്ദ്രങ്ങളാക്കാതെ ഒഴിവാക്കിയ എൻട്രൻസ് പരീക്ഷാകമ്മീഷണറുടെ നടപടിയും പ്രത്യേകം സ്മരിക്കേണ്ടതാണ്.

പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാരും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും അവധി ദിവസങ്ങൾ ഉൾപ്പടെ രാപകലന്യേ ജോലി ചെയ്താണ് മൂല്യനിർണ്ണയ ക്യാമ്പിൽ നിന്നും ലഭിക്കുന്ന സ്കോറുകളുടെ ടാബുലേഷൻ, വെരിഫിക്കേഷൻ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കിയത്. ഇതിന് നേതൃത്വം നൽകിയ കമ്പ്യൂട്ടർ വിഭാഗത്തിലെ സിസ്റ്റം മാനേജരുടെയും സോണൽ മാനേജർമാരുടെയും ആത്മാർത്ഥത എടുത്തുപറയേണ്ടതാണ്. മാത്രമല്ല, ഫലപ്രഖ്യാപനത്തിന് നേതൃത്വം കൊടുത്ത ജീവനക്കാരുടെ നിരന്തരമായ ജാഗ്രതയും കർമ്മോത്സുകതയും നിമിത്തം പരീക്ഷയിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളുടെയും ഫലം പ്രഖ്യാപിക്കുന്നതിന് ഈ വർഷം കഴിഞ്ഞിട്ടുണ്ട്.

എസ്.എസ്.എൽ.സി പരീക്ഷാഫലം കമ്പ്യൂട്ടറിന്റെ സഹായത്താലാണ് തയ്യാറാക്കുന്നത്. എന്നാൽ എസ്.എസ്.എൽ.സിയോടൊപ്പം നടത്തപ്പെടുന്ന മറ്റു പരീക്ഷകളായ എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച്.എസ്.എൽ.സി (സ്പെഷ്യൽ സ്കൂൾ), എ.എച്ച്.എസ്.എൽ.സി എന്നിവയുടെ പരീക്ഷാ ഫലം ഒരു സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 4 ജീവനക്കാർ എഴുതി തയ്യാറാക്കുകയാണ്

ചെയ്തത്. ഈ ജോലി സമയബന്ധിതമായി ഏറ്റവും ഭംഗിയായി പൂർത്തീകരിച്ച ഇവരുടെ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

കേന്ദ്രഗവൺമെന്റ് സ്ഥാപനമായ നാഷണൽ ഇൻഫൊർമാറ്റിക് സെന്ററിന്റെ സഹകരണം ഈ വർഷവും പരീക്ഷാജോലികൾ കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിന് ലഭ്യമായിട്ടുണ്ട്. ഇതു മൂലം പരീക്ഷാഫലനിർണ്ണയത്തിലും ഇതര വിവരശേഖരണത്തിലും കൂടുതൽ കൃത്യതയും വേഗതയും കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഉപരിപഠനത്തിന് അർഹരായ വിദ്യാർത്ഥികളുടെ പരീക്ഷാഫലം വിദ്യാഭ്യാസ ജില്ലാ അടിസ്ഥാനത്തിലും ലഭ്യമാക്കിയിട്ടുണ്ട്. ലക്ഷദ്വീപ്, ഗൾഫ് എന്നീ മേഖലകളിലെ പരീക്ഷാഫലം യഥാക്രമം എറണാകുളം, തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലകളുടെ പരീക്ഷാഫലത്തോടൊപ്പം ചേർത്ത് തയ്യാറാക്കിയിട്ടുണ്ട്.

ഇത്തവണ എഴുത്ത് പരീക്ഷ കഴിഞ്ഞ് 32 ദിവസങ്ങൾക്കുള്ളിൽ തന്നെ മൂല്യനിർണ്ണയവും മറ്റനുബന്ധ ജോലികളും പൂർത്തിയാക്കി ഫലപ്രഖ്യാപനം നടത്തുകയാണ്. റെക്കോർഡ് വേഗതയിൽ ഈ പ്രവർത്തനം പൂർത്തിയാക്കാനായത് പരീക്ഷയുമായി ബന്ധപ്പെട്ട എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായാണ്.

ഈ വർഷം എസ്.എസ്.എൽ.സി. കാർഡുകളിൽ വ്യത്യസ്തമായതും പുതുമയാർന്നതുമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെപ്പോലെ കാർഡിൽ ഹോളോഗ്രാം പതിപ്പിക്കുന്നതോടൊപ്പം പരീക്ഷാർത്ഥിയുടെ Digitalized Photos engross ചെയ്തിട്ടുമുണ്ട്.

എസ്.എസ്.എൽ.സി കാർഡുകൾ 13.05.2011-നു മുമ്പായി ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ വിതരണത്തിനായി എത്തിക്കുന്നതാണ്.

**<u>ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യ നിർണ്ണയവും ഫോട്ടോകോപ്പിയും സൂക്ഷ്മ പരിശോധനയും</u>**

01.02.2000-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 65/2000 പൊ.വിദ്യാ. അനുസരിച്ച് ഈ വർഷവും ഉത്തരക്കടലാസ്സുകളുടെ സൂക്ഷ്മ പരിശോധനയും പുനർമൂല്യനിർണ്ണയവും നടത്തുന്നതാണ്. കൂടാതെ മുൻവർഷത്തെപ്പോലെ ഉത്തരക്കടലാസ്സുകളുടെ ഫോട്ടോകോപ്പിയും അപേക്ഷകർക്ക് നൽകുന്നതാണ്. പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായുള്ള അപേക്ഷ 05/05/2011-നകം online ൽ സമർപ്പിക്കേണ്ടതും ഇതിന്റെ പ്രിന്റ് ഔട്ടും ഫീസും സ്കൂൾ ഹെഡ്മാസ്റ്റർക്ക് 06/05/2011 ന് മുമ്പ് നൽകേണ്ടതുമാണ്. പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400 രൂപയും, ഫോട്ടോകോപ്പിക്ക് 200 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് 50 രൂപയുമാണ് ഫീസ്.

പുനർമൂല്യനിർണ്ണയത്തിൽ/സൂക്ഷ്മപരിശോധനയിൽ ഗ്രേഡിൽ വ്യത്യാസം ഉണ്ടെങ്കിലും ഇല്ലെങ്കിലും ആയത് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും കൂടാതെ ബന്ധപ്പെട്ട സ്കൂൾ പ്രഥമാദ്ധ്യാപകനെ നേരിട്ട് അറിയിക്കുന്നതുമാണ്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ മെയ് 31 നകം പൂർത്തിയാക്കുന്നതാണ്.

പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിച്ചിട്ടുള്ള വിഷയങ്ങളിൽ സൂക്ഷ്മ പരിശോധനയ്ക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. പുനർമൂല്യനിർണ്ണയത്തിൽ ഗ്രേഡ് വ്യത്യാസം വരികയാണെങ്കിൽ പ്രസ്തുത പരീക്ഷാർത്ഥിക്ക് ഗവൺമെന്റ് ഉത്തരവ് നമ്പർ.ജി.ഒ(എം.എസ്)/119/03/ പൊ.വി.വ. തീയതി. 16.05.2003, ജി.ഒ (എം.എസ്) 2971/2003/പൊ.വി.വ തീയതി. 27.10.2003 പ്രകാരം അപേക്ഷാ ഫീസ് തിരികെ നൽകുന്നതാണ്.

## SAY പരീക്ഷ

ഈ വർഷവും എസ്.എസ്.എൽ.സി, എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച്.എസ്.എൽ.സി, റ്റി.എച്ച്.എസ്.എൽ.സി (സ്പെഷ്യൽ സ്കൂൾ), എ.എച്ച്.എസ്.എൽ.സി എന്നീ പരീക്ഷകൾ എഴുതി ഉപരി പഠനത്തിന് അർഹത നേടാത്തവർക്കായി സേ പരീക്ഷ നടത്തപ്പെടുന്നതാണ്. ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ മെയ് 16 മുതൽ 20 വരെ ഈ പരീക്ഷ നടത്തപ്പെടുന്നതും ജൂൺ ആദ്യവാരം ഫലം പ്രഖ്യാപിക്കുന്നതുമാണ്. ഈ പരീക്ഷകൾ ഓരോന്നിനും പ്രത്യേക വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്. മദ്ധ്യവേനലവധിക്കാലത്തുതന്നെ 'സേ' പരീക്ഷയും, മൂല്യനിർണ്ണയവും പൂർത്തിയാക്കുന്നത് ചരിത്രത്തിൽ ആദ്യമാണ്.

ഇത്തവണ പരീക്ഷാഭവന്റെ ചരിത്രത്തിൽ ഏറ്റവും ചുരുങ്ങിയ സമയം കൊണ്ടാണ് എസ്.എസ്.എൽ.സി, എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച്.എസ്.എൽ.സി, റ്റി.എച്ച്.എസ്.എൽ.സി (സ്പെഷ്യൽ സ്കൂൾ), എ.എച്ച്.എസ്.എൽ.സി പരീക്ഷാ ഫലങ്ങൾ ഏപ്രിൽ 28 ന് പ്രസിദ്ധീകരിക്കുന്നതിനായി തയ്യാറാക്കിയത്. (2008-ൽ 13.05.2008-ലും 2009-ൽ 08.05.2009-ലും 2010 ൽ 03.05.2010 നും ആയിരുന്നു ഫലപ്രഖ്യാപനം.)

ഏറെ ശ്രമകരവും ഉത്തരവാദിത്തപൂർണ്ണവുമായ പരീക്ഷാനടത്തിപ്പും മൂല്യനിർണ്ണയവും സമയബന്ധിതവും കൃത്യതയുമാർന്ന രീതിയിൽ പൂർത്തീകരിക്കാൻ ഞങ്ങളെ സഹായിച്ച സംസ്ഥാനത്തെ അധ്യാപകരുടെ ആത്മാർത്ഥതയെയും വിവിധ മാധ്യമ പ്രവർത്തകരുടെ സേവനങ്ങളെയും ഈ സന്ദർഭത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു.

കൂടാതെ സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിന് ഒട്ടനവധി വ്യക്തികളുടേയും സ്ഥാപനങ്ങളുടെയും സഹായവും സഹകരണവും ഉണ്ടായിട്ടുണ്ട്. അവരോട് പരീക്ഷാഭവൻ ഏറെ കടപ്പെട്ടിരിക്കുന്നു.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ സാംസ്ക്കാരിക വകുപ്പ് മന്ത്രി ശ്രീ. എം.എ ബേബി അവർകൾ നയപരമായ കാര്യങ്ങളിൽ യഥാസമയം കൈക്കൊണ്ട തീരുമാനങ്ങൾ പരീക്ഷാസംബന്ധമായ ജോലികൾ കൃത്യമായി നടത്തുന്നതിനും ഫലം പ്രഖ്യാപിക്കുന്നതിനും ഏറെ സഹായിച്ചിട്ടുണ്ട്.

അതുപോലെ ബഹു.വിദ്യാഭ്യാസ സെക്രട്ടറി ശ്രീ. ജെയിംസ് വർഗ്ഗീസ് IAS അവർകളുടെ സഹായവും പ്രോത്സാഹനവും പരീക്ഷാ ജോലികളുടെ നടത്തിപ്പിന് വളരെ ഉപകരിച്ചു.

പരീക്ഷാകമ്മീഷണർ ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് IAS - ന്റെ നെടുനായകത്വവും കൃത്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും പരീക്ഷാസംബന്ധമായ ജോലികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും റിസൽട്ട് കൃത്യമായി പ്രഖ്യാപിക്കുന്നതിനും ഏറെ സഹായകമായിരുന്നു. അദ്ദേഹത്തിന്റെ ആഫീസ് സന്ദർശനങ്ങളും അവലോകനങ്ങളും പരീക്ഷാഭവനിലെ മുഴുവൻ ജീവനക്കാർക്കും പ്രോത്സാഹനജനകമായിരുന്നു.

പരീക്ഷകൾ ഏറ്റവും ഭംഗിയായി നടത്തുന്നതിനും പരീക്ഷാഫലം യഥാസമയം പ്രഖ്യാപിക്കുന്നതിനും സഹായിച്ച, സഹകരിച്ച എല്ലാവരോടുമുള്ള ആത്മാർത്ഥമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

**ജോൺസ് വി.ജോൺ**
**സെക്രട്ടറി,**
**പരീക്ഷാഭവൻ**

# I. SSLC EXAMINATION – MARCH 2011 – Result at a Glance

## A. School Going Candidates

| | |
|---|---|
| No. of Candidates Registered | 458887 |
| No. of Candidates Cancelled | 328 |
| No. of Candidates Appeared | 458559 |
| No. of Absentees | 497 |
| No. of Candidates withheld/RAL (Results to be announced later) | Nil |
| No. of Candidates having A+ Grade | 5821 |
| No. of Candidates having A Grade or above for all the subjects | 18823 |
| No. of Candidates having B+ Grade or above for all the subjects | 42218 |
| No. of Candidates having B Grade or above for all the subjects | 80212 |
| No. of Candidates having C+ Grade or above for all the subjects | 146424 |
| No. of Candidates having C Grade or above for all the subjects | 263114 |
| No. of Candidates having D+ Grade or above for all the subjects | 418967 |
| No. of Candidates having D Grade in any subjects | 38542 |
| No. of Candidates having E Grade in any subjects | 79 |
| Total No. of Candidates eligible for higher studies | 418967 |
| Percentage of Candidates eligible for higher studies | 91.37 |

## B. Private Candidates

| | |
|---|---|
| No. of Candidates Registered | 4771 |
| No. of Candidates Cancelled | Nil |
| No. of Candidates Appeared | 4771 |
| No. of Candidates Absent | 270 |
| No. of Candidates having missing marks | Nil |
| Total No. of Candidates eligible for higher studies | 2212 |
| Percentage of Candidates eligible for Higher Studies | 46.36 |

**C. ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതിയ സെന്റർ_**

1. സെന്റ് മേരീസ് എച്ച്.എസ്.എസ്. പട്ടം, തിരുവനന്തപുരം - 1401
2. പാണക്കാട് പൂക്കോയ തങ്ങൾ എച്ച്.എസ്.എസ്. കോട്ടുക്കര, മലപ്പുറം - 1008
3. പി.കെ.എം.എം.എച്ച്.എസ് എടരിക്കോട് - 1005

**D. ഏറ്റവും കുറവ് കുട്ടികൾ പരീക്ഷ എഴുതിയ സെന്റർ**

1. ഗവൺമെന്റ് എച്ച്.എസ്. വെല്ലിംഗ്ടൺ ഐലന്റ്, എറണാകുളം - 4
2. ഗവൺമെന്റ് എച്ച്.എസ്. എലിമുള്ളംപ്ളാക്കൽ, പത്തനംതിട്ട - 4
3. ഗവൺമെന്റ് എച്ച.എസ്. ഫോർ ഗേൾസ് പെരിങ്ങര - 5
4. സെന്റ് മേരീസ് ഇ.എം.എച്ച്.എസ്. കുണ്ടറ - 6
5. എസ്.ഐ.എ കോളേജ് എച്ച്.എസ് ഉമ്മത്തൂർ - 6
6. വഞ്ചിയൂർ ഗവൺമെന്റ് ഹൈസ്കൂൾ - 7
7. ഹിദായത്ത് ഇംഗ്ളീഷ് മീഡിയം എച്ച്.എസ് പാപ്പിനിശ്ശേരി - 8
8. സാലിഹ മെമ്മോറിയൽ എച്ച്.എസ് കുരീപ്പുഴ - 8
9. അംബേദ്കർ വിദ്യാനികേതൻ ഇ.എം.എച്ച്.എസ്.എസ് പെരിയ കാസർകോഡ് - 8

**E. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ ജില്ല**

| | | | | |
|---|---|---|---|---|
| റവന്യൂ ജില്ല | - | മലപ്പുറം | - | 72556 |
| വിദ്യാഭ്യാസ ജില്ല | - | തിരൂർ | - | 34927 |

**F. ഏറ്റവും കുറച്ച് വിദ്യാർത്ഥികൾ പരീക്ഷ എഴുതിയ ജില്ല**

| | | | | |
|---|---|---|---|---|
| റവന്യൂ ജില്ല | - | വയനാട് | - | 11069 |
| വിദ്യാഭ്യാസ ജില്ല | - | കുട്ടനാട് | - | 2442 |

**G. വിജയ ശതമാനം ഏറ്റവും കൂടുതലുള്ള ജില്ല**

| | | | | |
|---|---|---|---|---|
| റവന്യൂ ജില്ല | - | കോട്ടയം | - | 97.02 |
| വിദ്യാഭ്യാസ ജില്ല | - | പാല | - | 98.36 |

**H. വിജയ ശതമാനം ഏറ്റവും കുറഞ്ഞ ജില്ല**

| | | | | |
|---|---|---|---|---|
| റവന്യൂ ജില്ല | - | തിരുവനന്തപുരം | - | 85.93 |
| വിദ്യാഭ്യാസ ജില്ല | - | പാലക്കാട് | - | 83.74 |

**I. എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം, ഏറ്റവും കൂടുതലുള്ള ജില്ല**

| | | | | |
|---|---|---|---|---|
| റവന്യൂ ജില്ല | - | തൃശ്ശൂർ | - | 731 |
| വിദ്യാഭ്യാസ ജില്ല | - | കണ്ണൂർ | - | 375 |

**M. മുഴുവൻ കുട്ടികളും ഉപരിപഠനത്തിന് അർഹത നേടിയ സ്കൂളുകളുടെ എണ്ണം**

**മാർച്ച് - 2011**

| വിഭാഗം | 100 ശതമാനം വിജയം നേടിയ സ്കൂളുകളുടെ എണ്ണം |
|---|---|
| ഗവൺമെന്റ് സ്കൂൾ | **155** |
| എയ്ഡഡ് സ്കൂൾ | **216** |
| അൺ എയ്ഡഡ് സ്കൂൾ | **206** |
| ആകെ | **577** |

**മാർച്ച് - 2010**

| വിഭാഗം | 50 വിദ്യാർത്ഥികളിൽ കൂടുതൽ | 50 വിദ്യാർത്ഥികളിൽ താഴെ | ആകെ |
|---|---|---|---|
| ഗവൺമെന്റ് സ്കൂൾ | 55 | 88 | 143 |
| എയ്ഡഡ് സ്കൂൾ | 162 | 35 | 197 |
| അൺ എയ്ഡഡ് സ്കൂൾ | 135 | 93 | 228 |
| ആകെ | 352 | 216 | 568 |

**50% -ൽ കുറവ് വിജയശതമാനം നേടിയ സ്കൂളുകളുടെ എണ്ണം- 2**

| ക്രമ നമ്പർ | സ്കൂൾ കോഡ് | സ്കൂൾ | വിജയശതമാനം |
|---|---|---|---|
| 1 | 43061 | സെന്റ് ആന്റണീസ് എച്ച.എസ്.എസ്. വലിയതുറ | 49.32 |
| 2 | 37024 | ഗവ. എച്ച്.എസ്.എസ്. കോയ്പ്പുറം | 47.37 |

## N. അഡോപ്റ്റഡ് സ്കൂളുകൾ

2006-07 വർഷത്തിൽ 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 107 സ്കൂളുകളുടെ വിജയശതമാനം.

| ഇനം | 2011 | 2010 | 2009 | 2008 | 2007 |
|---|---|---|---|---|---|
| 100% വിജയം നേടിയ സ്കൂളുകൾ | 29 | 19 | 25 | 25 | 5 |
| 90 %- ൽ കൂടുതൽ വിജയം നേടിയ സ്കൂളുകൾ | 52 | 54 | 56 | 56 | 13 |
| 75 %- ൽ കൂടുതൽ വിജയം നേടിയ സ്കൂളുകൾ | 95 | 86 | 85 | 88 | 47 |
| 60 %- ൽ കൂടുതൽ വിജയം നേടിയ സ്കൂളുകൾ | 106 | 102 | 101 | 97 | 77 |
| 50 %- ൽ കൂടുതൽ വിജയം നേടിയ സ്കൂളുകൾ | 107 | 103 | 105 | 107 | 91 |
| 50 %- ൽ താഴെ വിജയം നേടിയ സ്കൂളുകൾ | ഇല്ല | 4 | 2 | ഇല്ല | 6 |

## 10. എസ്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷ - മാർച്ച് 2011

**സ്കൂളുകളുടെ എണ്ണം - 25**

| ക്രമ നം. | ഇനം | റഗുലർ | പി.സി.എൻ |
|---|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം | 355 | 2 |
| 2 | പരീക്ഷയ്ക്ക് ഹാജരാകാത്തവരുടെ എണ്ണം | ഇല്ല | ഇല്ല |
| 3 | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | 355 | 2 |
| 4 | ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവരുടെ എണ്ണം | 346 | 2 |
| 5 | വിജയശതമാനം | 97.46 | 100 |

**മുഴുവൻ കുട്ടികളെയും ഉപരിപഠനത്തിന് അർഹരാക്കിയ സ്കൂളുകളുടെ ലിസ്റ്റ്**

1. സി.എസ്.ഐ എച്ച്.എസ്.എസ് ഫോർ പാർഷ്ലി ഹിയറിംഗ്, മണക്കാല
2. എച്ച്.എസ്.എസ്. ഫോർ ദി ഡഫ്, നീർപ്പാറ
3. അസ്സീസി സ്കൂൾ ഫോർ ദി ഡഫ്, ഈസ്റ്റ് വാഴപ്പള്ളി
4. ജി.വി.എച്ച്.എസ്.എസ് ഫോർ ഡഫ്, കുന്നംകുളം
5. സ്നേഹാലയം സി.എസ്.ഐ എച്ച്.എസ് ഫോർ ഡഫ്, കുന്നംകുളം
6. ആശ ഭവൻ എച്ച്.എസ്. ഫോർ ഡഫ്, പടവറട്ട്, തൃശ്ശൂർ
7. കാലിക്കറ്റ് എച്ച്.എസ്.എസ്. ഫോർ ദി ഹാൻഡിക്യാപ്പ്ഡ്, കോലത്തറ
8. മാർത്തോമ എച്ച്.എസ് ഫോർ ദി ഡഫ്, ചേർക്കാല
9. ഡോൺ ബോസ്കോ സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ, കാരക്കുണ്ടു
10. കരുണ സ്പീച്ച് ആന്റ് ഹിയറിംഗ് സ്കൂൾ ഫോർ ദി ഡഫ്, എരഞ്ഞിപ്പാലം
11. സെന്റ് ക്ലയർ ഓറൽ സ്കൂൾ ഫോർ ദി ഡഫ്, മാണിക്കമംഗലം
12. ദി സ്കൂൾ ഫോർ ദി ഡഫ്, ഏനാത്ത്
13. കാരുണ്യ നികേതൻ സ്കൂൾ ഫോർ ദി ഡഫ്, വിളയൻകോട്
14. അമൃത സ്പീച്ച് ആന്റ് ഹിയറിംഗ് ഇപ്രൂവ്മെൻര് സ്കൂൾ അയ്യംന്തോൾ, തൃശ്ശൂർ
15. ഔർ ലേഡീ ഓഫ് കൺസൊലേഷൻ ഡഫ് സ്കൂൾ, മണക്കാല
16. സെന്റ് റോസ്‌ലെസ് സ്കൂൾ ഫോർ സ്പീച്ച് ആന്റ് ഹിയറിംഗ്, സുൽത്താൻബത്തേരി
17. സ്പെഷ്യൻ സ്കൂൾ ഫോർ ഡഫ് ആന്റ് ഡംപ്, ചവറ നിവാസ്, ഇരിട്ടി
18. ശ്രവണ സംസാര എച്ച്.എസ്, വെസ്റ്റ് യാക്കര
19. ഫാദർ അഗസ്റ്റിനോ വിസിമിസ് സ്പെഷ്യൽ സ്കൂൾ, മുണ്ടംവേലി
20. ജ്യോതി ഭവൻ സ്കൂൾ ഫോർ ദി ഹിയറിംഗ് ഇംപയേർഡ്, ചായോത്ത്

## III. റ്റി.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2011

**സ്കൂളുകളുടെ എണ്ണം - 48**

| ക്രമ നം. | ഇനം | റഗുലർ | പി.സി.എൻ |
|---|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം | 3014 | 4 |
| 2 | പരീക്ഷയ്ക്ക് ഹാജരാകാത്തവരുടെ എണ്ണം | ഇല്ല | 1 |
| 3 | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | 3014 | 3 |
| 4 | ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവരുടെ എണ്ണം | 2950 | 2 |
| 5 | വിജയശതമാനം | 97.88 | 66.66 |

## IV. റ്റി.എച്ച്.എസ്.എൽ.സി (സ്പെഷ്യൽ സ്കൂൾ) പരീക്ഷ - മാർച്ച് 2011

**സ്കൂളുകളുടെ എണ്ണം - 2**

| ക്രമ നം. | ഇനം | റഗുലർ | പി.സി.എൻ |
|---|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുട്ടികളുടെ എണ്ണം | 32 | ഇല്ല |
| 2 | പരീക്ഷയ്ക്ക് ഹാജരാകാത്തവരുടെ എണ്ണം | ഇല്ല | ഇല്ല |
| 3 | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | 32 | ഇല്ല |
| 4 | ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവരുടെ എണ്ണം | 31 | ഇല്ല |
| 5 | വിജയശതമാനം | 97 | ഇല്ല |

## V. എ.എച്ച്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2011

**സ്കൂളിന്റെ പേര് - കലാമണ്ഡലം ആർട്ട് ഹയർസെക്കന്ററി സ്കൂൾ**

| ക്രമ നം. | ഇനം | റഗുലർ | പി.സി.എൻ |
|---|---|---|---|
| 1 | രജിസ്റ്റർ ചെയ്ത സ്കൂളുകളുടെ എണ്ണം | 70 | 1 |
| 2 | പരീക്ഷയ്ക്ക് ഹാജരാകാത്തവരുടെ എണ്ണം | ഇല്ല | ഇല്ല |
| 3 | പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം | 70 | 1 |
| 4 | ഉന്നത വിദ്യാഭ്യാസത്തിന് അർഹത നേടിയവരുടെ എണ്ണം | 62 | 1 |
| 5 | വിജയശതമാനം | 88 | 100 |

## SSLC EXAMINATION, NEW SCHEME – MARCH 2011

### DETAILS OF CANDIDATES BELONG TO SC/ST/OBC

| Item | Scheduled Caste | | | Scheduled Tribe | | | OBC |
|---|---|---|---|---|---|---|---|
| | Boys | Girls | Total | Boys | Girls | Total | Total |
| Appeared | 22409 | 23063 | 45472 | 2667 | 2915 | 5582 | 296192 |
| Eligible for Higher Studies | 17725 | 19674 | 37399 | 2113 | 2405 | 4518 | 270607 |
| Percentage | 79.1 | 85.31 | 82.25 | 79.23 | 82.5 | 80.94 | 91.36 |
| No. of Candidates Obtained A+ for all papers | 34 | 79 | 113 | 3 | 3 | 6 | 2999 |

## SSLC EXAMINATION, NEW SCHEME – MARCH 2011
### Schools in Gulf & Lakshadweep

| Zone | No. of Schools | Candidates appeared | Eligible for Higher Studies | Percentage |
|---|---|---|---|---|
| Gulf | 11 | 511 | 504 | 99 |
| Lakshadweep | 9 | 1055 | 837 | 79 |

# SSLC Examination

## Details of Result for the Years 2000-2011
**(School Going Candidates)**

| Year | No. of Candidates Appeared | Percentage of Result | |
|---|---|---|---|
| | | Before Moderation | Published |
| 2000 | 448364 | 42.89 | 56.18 |
| 2001 | 455812 | 43.58 | 56.22 |
| 2002 | 456458 | 49.91 | 60.62 |
| 2003 | 458594 | 52.52 | 64.85 |
| 2004 | 469704 | 56.69 | 70.06 |
| 2005 | 472780 | 58.49 | 58.49 |
| 2006 | 471319 | 68.00 | 68.00 |
| 2007 | 458763 | 82.29 | 82.29 |
| 2008 | 451464 | 92.09 | 92.09 |
| 2009 | 446554 | 91.92 | 91.92 |
| 2010 | 45000 | 90.72 | 90.72 |
| 2011 | 458559 | 91.32 | 91.32 |

# Result and Grade 2008-2010

## School Going Candidates

| Items | 2008 | 2009 | 2010 |
|---|---|---|---|
| No. of Candidates Registered | 451479 | 446626 | 450166 |
| No. of Candidates Cancelled | 15 | 72 | 166 |
| No. of Candidates Appeared | 451464 | 446554 | 450000 |
| No. of Absentees | 1938 | 657 | 562 |
| No. of Candidates withheld/RAL (Results to be announced late) | 188 | 112 | 12 |
| No. of Candidates having A+ Grade | 6480 | 7073 | 5182 |
| No. of Candidates having A Grade or above for all the subjects | 25177 | 24600 | 17515 |
| No. of Candidates having B+ Grade or above for all the subjects | 57583 | 54992 | 41011 |
| No. of Candidates having B Grade or above for all the subjects | 107339 | 102697 | 79898 |
| No. of Candidates having C+ Grade or above for all the subjects | 183776 | 172983 | 144674 |
| No. of Candidates having C Grade or above for all the subjects | 294847 | 278248 | 256981 |
| No. of Candidates having D+ Grade or above for all the subjects | 415744 | 410348 | 408226 |
| No. of Candidates having D Grade in any subjects | 33038 | 34536 | 40559 |
| No. of Candidates having E Grade in any subjects | 562 | 222 | 104 |
| Total No. of Candidates eligible for higher studies | 415744 | 410348 | 408226 |
| Percentage of Candidates eligible for higher studies | 92.09 | 91.92 | 90.72 |

# പത്രക്കുറിപ്പ്

വിഷയം :- 2011 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോ കോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കുള്ള - അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്.

എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായുള്ള അപേക്ഷകൾ ഈ വർഷം ഓൺലൈനിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇതിനായി പരീക്ഷാർത്ഥികൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ http://keralapareekhabhavan.in ൽ പ്രവേശിച്ച് 05/05/2011 ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതും ആയതിന്റെ പ്രിന്റ് ഔട്ടും അപേക്ഷാ ഫീസും ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ മേയ് 06 ന് മുമ്പ് ഏല്പിക്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർമാർ അപേക്ഷകൾ online - ൽ verify ചെയ്യേണ്ടതും ഫീസ് സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. മേയ് 6 ന് ശേഷം ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

പുനർമൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപയും, ഫോട്ടോകോപ്പിക്ക് 200/- രൂപയും സ്ക്രൂട്ടിണിക്ക് 50/- രൂപയുമാണ് ഫീസ് ഒടുക്കേണ്ടത്. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് സ്ക്രൂട്ടണിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. ഉത്തരക്കടലാസ്സിന്റെ ഫോട്ടോകോപ്പി ലഭ്യമായവർക്ക് മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ പരിഹരിക്കുന്നതിന് അപേക്ഷിക്കാവുന്നതാണ്.

പരീക്ഷാ സെക്രട്ടറി